പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1745 — 21/01/2014- ൽ മറുപടിക്ക്

## കുളമ്പുരോഗം ബാധിച്ച കന്നുകാലികളുടെ കണക്ക്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. ഹംസ: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കന്നുകാലികളിൽ മാരകമായ രീതിയിൽ കുളമ്പുരോഗം പടർന്നു പിടിച്ചത് മൃഗസംരക്ഷണ വകുപ്പിന്റെ അനാസ്ഥകൊണ്ടാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | എ) ഇല്ല |
| ബി)കുളമ്പുരോഗം പടർന്നു പിടിച്ച് നാളിതുവരെ എത്ര കന്നുകാലികൾ മരണപ്പെട്ടു; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ; | ബി)യും, സി)യും അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു. |
| സി) ഓരോ ജില്ലയിലും കുളമ്പുരോഗം ബാധിച്ച കന്നുകാലികളുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വിശദീകരിക്കാമോ ; | |

ഡി) പ്രസ്തുത സാഹചര്യം അതിജീവിക്കുന്നതിനായി എന്തെല്ലാം അടിയന്തിര നടപടിയാണ് സ്വീകരിച്ചതെന്നും, കർഷകർക്ക് എന്തെല്ലാം സഹായങ്ങൾ നല്കി എന്നും വിശദീകരിക്കാമോ ;

ഡി) അനുബന്ധം **രണ്ടാ**യി ചേർത്തിരിക്കുന്നു.

ഇ) കുളമ്പു രോഗം പ്രതിരോധിക്കുവാനുള്ള കുത്തിവയ്പുകൾ എല്ലാ ജില്ലയിലും നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ;

ഇ) അനുബന്ധം **മൂന്നാ**യി ചേർത്തിരിക്കുന്നു.

എഫ്) കുളമ്പുരോഗ പ്രതിരോധ വാക്സിനേഷൻ നടത്തിയ കന്നുകാലികളിലും കുളമ്പുരോഗം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ ;

എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളിൽ വളരെ വ്യാപകമായി കുളമ്പുരോഗം കന്നുകാലികളെ ബാധിച്ചിരുന്നു. ഇറച്ചിക്കും മറ്റ് ആവശ്യങ്ങൾക്കുമായി മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സാഹചര്യം ഉണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന വൈക്കോൽ, തീറ്റപ്പുല്ല്, എന്നിവയിൽ കൂടി രോഗാണുബാധ ഉണ്ടാകാൻ സാധ്യതയുണ്ട്. പ്രതിരോധ കുത്തിവയ്പ്പ് നടത്തിയാൽ പോലും വളരെ ശക്തമായ അണുബാധ ചുറ്റുപാടു നിന്നും ഉണ്ടായാൽ ഇമ്മ്യൂണിറ്റി ബ്രേക്ക്ഡൗൺ ഉണ്ടായി രോഗബാധ ഉണ്ടാകുവാനുള്ള സാധ്യത ഈ രോഗത്തിന്റെ പ്രത്യേകതയാണ്.

ജി) പ്രതിരോധ കുത്തിവയ്പ്പ് എടുത്ത കന്നുകാലികളിൽ കുളമ്പുരോഗം വരുന്നത് മരുന്നിന്റെ ഗുണമില്ലായ്മ കൊണ്ടാണോ; അതോ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടാത്തതു കൊണ്ടാണോ; വിശദമാക്കാമോ?

ജി) അല്ല. മേൽ വിശദീകരിച്ച കാരണങ്ങൾകൊണ്ടാണ് രോഗബാധ വരാൻ സാദ്ധ്യതയുള്ളത്.

സെക്ഷൻ ഓഫീസർ

അനുബന്ധം ഒന്ന്

**01-08-2013 മുതൽ 15-01-2014 വരെയുള്ള കുളമ്പു രോഗ ബാധയെ സംബന്ധിച്ച വിശദമായ പട്ടിക**

| ജില്ല | രോഗം ബാധിച്ചവ | | | | | | | | മരണപ്പെട്ടവ | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | പശു | കന്നുകുട്ടി | കിടാരി | കാള | എരുമ | ആട് | പന്നി | ആകെ | പശു | കന്നുകുട്ടി | കിടാരി | എരുമ | ആട് | പന്നി | ആകെ |
| തിരുവനന്തപുരം | 2053 | 188 | 88 | 3 | 37 | 177 | 0 | 2546 | 41 | 143 | 4 | 1 | 8 | 0 | 197 |
| കൊല്ലം | 2299 | 453 | 110 | 14 | 20 | 91 | 80 | 3067 | 144 | 263 | 5 | 1 | 24 | 34 | 471 |
| പത്തനംതിട്ട | 1432 | 392 | 283 | 2 | 41 | 55 | 0 | 2205 | 29 | 95 | 15 | 2 | 2 | 0 | 143 |
| ആലപ്പുഴ | 4262 | 419 | 360 | 2 | 141 | 0 | 8 | 5192 | 92 | 262 | 34 | 7 | 0 | 1 | 396 |
| കോട്ടയം | 4174 | 761 | 1077 | 9 | 129 | 163 | 52 | 6365 | 141 | 251 | 85 | 11 | 7 | 42 | 537 |
| ഇടുക്കി | 1221 | 72 | 76 | 24 | 26 | 49 | 355 | 1823 | 40 | 15 | 3 | 2 | 0 | 43 | 103 |
| എറണാകുളം | 3435 | 448 | 307 | 24 | 106 | 113 | 6 | 4439 | 183 | 166 | 26 | 5 | 12 | 0 | 392 |
| തൃശ്ശൂർ | 13044 | 2283 | 2530 | 49 | 779 | 1040 | 141 | 19866 | 505 | 809 | 208 | 48 | 64 | 5 | 1639 |
| പാലക്കാട് | 6610 | 309 | 160 | 31 | 43 | 285 | 2 | 7440 | 356 | 407 | 53 | 8 | 48 | 0 | 872 |
| വയനാട് | 544 | 184 | 73 | 3 | 29 | 27 | 16 | 876 | 47 | 33 | 2 | 1 | 1 | 1 | 85 |
| മലപ്പുറം | 362 | 48 | 28 | 16 | 16 | 11 | 100 | 581 | 30 | 21 | 4 | 4 | 0 | 70 | 129 |
| കോഴിക്കോട് | 354 | 84 | 46 | 14 | 12 | 3 | 0 | 513 | 34 | 39 | 5 | 0 | 0 | 0 | 78 |
| കണ്ണൂർ | 703 | 94 | 104 | 0 | 5 | 0 | 0 | 906 | 36 | 32 | 4 | 0 | 0 | 0 | 72 |
| കാസർഗോഡ് | 191 | 20 | 38 | 0 | 0 | 0 | 0 | 249 | 13 | 8 | 8 | 0 | 0 | 0 | 29 |
| ആകെ മൊത്തം | 40684 | 5755 | 5280 | 191 | 1384 | 2014 | 760 | 56068 | 1691 | 2544 | 456 | 90 | 166 | 196 | 5143 |

സെക്ഷൻ ഓഫീസർ

അനുബന്ധം II

## മൃഗസംരക്ഷണവകുപ്പ് സ്വീകരിച്ച നടപടികൾ

സംസ്ഥാനത്തുടനീളം വർഷത്തിൽ രണ്ടു തവണ (6 മാസം കൂടുമ്പോൾ) കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് നടത്തിവരുന്നു.

1) മൃഗസംരക്ഷണവകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരും അറ്റൻന്റർമാരും അടങ്ങുന്ന രണ്ടായിരത്തോളം വാക്സിനേഷൻ സ്ക്വാഡ് വീടുവീടാന്തരം എത്തി ഉരുക്കൾക്ക് കുളമ്പുരോഗപ്രതിരോധ കുത്തിവയ്പ്പ് നൽകുന്നു.
2) ആവശ്യമായ വാക്സിൻ ഗവൺമെന്റ് ഓഫ് ഇന്ത്യയാണ് ലഭ്യമാക്കുന്നത്.
3) വകുപ്പിന്റെ കീഴിലുള്ള കന്നുകാലി വളർത്തൽ ഫാമുകളിൽ വാക്സിൻ കുത്തിവച്ച് വാക്സിന്റെ ഗുണനിലവാരം ഉറപ്പാക്കിയതിന് ശേഷമാണ് കർഷകരുടെ ഉരുക്കളിൽ കുത്തിവയ്പ്പ് നടത്തുന്നത്.
4) വ്യാപകമായ പ്രചരണ പരിപാടികൾ നടത്തി കർഷകരിൽ അവബോധം സൃഷ്ടിച്ചതിന് ശേഷമാണ് പ്രതിരോധ കുത്തിവയ്പ്പ് പരിപാടി നടത്തുന്നത്.
5) തദ്ദേശസ്വയംഭരണവകുപ്പ്, മിൽമ,ക്ഷീരവികസന വകുപ്പ്, വനം വകുപ്പ് എന്നീ വകുപ്പുകളുടെ സഹകരണത്തോടു കൂടിയാണ് വാക്സിനേഷൻ പരിപാടി നടപ്പാക്കുന്നത്.
6) കുത്തിവയ്പ്പിന് മുൻപും ശേഷവും ഉരുക്കളുടെ രക്തപരിശോധന നടത്തി കുത്തിവയ്പ്പിന്റെ ഫലപ്രാപ്തി വിലയിരുത്തുന്നു.
7) പ്രതിരോധ കുത്തിവയ്പ്പിന് മേൽനോട്ടം വഹിക്കുന്നതിന് പഞ്ചായത്തുതല നടത്തിപ്പ് കമ്മിറ്റി, ജില്ലാ തല മോണിറ്ററിംഗ് കമ്മിറ്റി എന്നിവ രൂപീകരിച്ചിട്ടുണ്ട്.
8) കുളമ്പുരോഗം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി മൃഗസംരക്ഷണവകുപ്പിന്റെ എല്ലാ ചെക്ക് പോസ്റ്റുകളും 1/10/2013 മുതൽ താല്ക്കാലികമായി 10 ദിവസത്തേയ്ക്ക് അടച്ചിടുകയുണ്ടായി. അതിനുശേഷം നിബന്ധനയോടുകൂടി കന്നുകാലികളെ കടത്തിവിടുകയും പരിശോധന കർശനമാക്കുകയും ചെയ്തു. ഇത് ഒരു അളവു വരെ കുളമ്പുരോഗം നിയന്ത്രിക്കുന്നതിന് സഹായകരമായിരുന്നു. ചെക്പോസ്റ്റുകൾ 4/12/2013 മുതൽ വീണ്ടും താല്കാലികമായി അടച്ചിടുകയും ചെയ്തു.9/1/2014 വ്യാഴാഴ്ച വൈകിട്ട് 3 മണിമുതൽ കർശനമായ നിയന്ത്രണങ്ങൾക്ക് വിധേയമായി കേരളത്തിലെ തിരഞ്ഞെടുത്ത 5 ചെക്ക് പോസ്റ്റുകൾ കന്നുകാലികളെ കേരളത്തിലേക്ക് കൊണ്ട് വരുന്നതിന് തുറന്നുകൊടുക്കുവാൻ തീരുമാനിച്ചു. പാലക്കാട് ജില്ലയിലെ മുതലമട, വാളയാർ, ഇടുക്കി ജില്ലയിലെ കുമളി, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം (കുഞ്ചത്തൂർ), തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല എന്നീ അഞ്ച് ചെക്ക്പോസ്റ്റുകളിൽ കൂടി മാത്രമേ കാലികടത്തൽ അനുവദിച്ചിട്ടുള്ളൂ. മൃഗ സംരക്ഷണ വകുപ്പിലെ 5 അഡീഷണൽ ഡയറക്ടർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് ചെക്ക്പോസ്റ്റുകൾ പ്രവർത്തിക്കുന്നത്. രാവിലെ 6 മണിമുതൽ വൈകിട്ട് 6 മണിവരെ മാത്രമേ കാലികടത്തൽ അനുവദിച്ചിട്ടുള്ളൂ.കരാർ അടിസ്ഥാനത്തിൽ ചെക്ക്പോസ്റ്റുകളിൽ ആവശ്യമായ വെറ്ററിനറി ഡോക്ടർമാരെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ കുളമ്പുരോഗം നിയന്ത്രണവിധേയമായിട്ടുണ്ട്.

തൃശ്ശൂർ, എറണാകുളം, കോട്ടയം ജില്ലകളിൽ ഒഴികെ മറ്റു തെക്കൻ ജില്ലകളിലും രോഗം നിയന്ത്രണ വിധേയമായി വരുന്നു.

[signature]

സെക്ഷൻ ഓഫീസർ

അനുബന്ധം -3

| ജില്ല | കുത്തിവയ്പ്പുകളുടെ എണ്ണം | | | |
|---|---|---|---|---|
| | കന്നുകാലികൾ | എരുമകൾ | പന്നികൾ | ആകെ കുത്തിവയ്പ്പ് |
| തിരുവനന്തപുരം | 85328 | 1745 | 1402 | 88475 |
| കൊല്ലം | 94683 | 3158 | 906 | 98747 |
| പത്തനംതിട്ട | 60761 | 1469 | 326 | 62556 |
| ആലപ്പുഴ | 73577 | 3894 | 320 | 77791 |
| കോട്ടയം | 73413 | 3096 | 4769 | 81278 |
| ഇടുക്കി | 87055 | 3603 | 8958 | 99616 |
| എറണാകുളം | 89084 | 7256 | 4483 | 100823 |
| തൃശ്ശൂർ | 94573 | 13357 | 6802 | 114732 |
| പാലക്കാട് | 154408 | 4716 | 2322 | 161446 |
| മലപ്പുറം | 73483 | 11886 | 427 | 85796 |
| കോഴിക്കോട് | 95760 | 1236 | 4086 | 101082 |
| വയനാട് | 55198 | 3712 | 2095 | 61005 |
| കണ്ണൂർ | 88044 | 327 | 2696 | 91067 |
| കാസർഗോഡ് | 79135 | 619 | 1203 | 80957 |
| ആകെ | 1204502 | 60074 | 40795 | 1305371 |

സെക്ഷൻ ഓഫീസർ